➩ *നഷ്ടപരിഹാരം കിട്ടാത്തതിന്റെ നിരവധി കദനകഥകൾ മലയോര ജനതയ്ക്ക് പറയാനുണ്ട്* ➩

ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകളെ തുടർന്ന് ചർച്ചകളിൽ സജീവമായിരിക്കുന്ന വിഷയമാണ് കേരള ഫോറസ്റ്റ് വെസ്റ്റിങ്ങ് ആൻഡ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജയിൽ ലാന്റ് ആക്ട് – 2003 (ഇ.എഫ്.എൽ ആക്ട്). പരിസ്ഥിതി ദുർബല പ്രദേശങ്ങൾ നഷ്ടപരിഹാരമൊന്നും നൽകാതെ ഏറ്റെടുക്കാൻ വ്യവസ്ഥയുള്ള ഈ നിയമം നിരവധി ചെറുകിട കർഷകരെ ബാധിച്ചിട്ടുണ്ട് എന്നതും ഗാഡ്ഗിൽ–കസ്തൂരിരംഗൻ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് കാരണമായിത്തീർന്നിട്ടുണ്ട്. അതിന്റെ മറവിൽ ഇ.എഫ്.എൽ നിയമം ഭേദഗതി ചെയ്യാനും സർക്കാർ തലത്തിൽ നീക്കങ്ങൾ നടക്കുന്നുണ്ട്. ഇ.എഫ്.എൽ നിയമം എന്താണ് ചെയ്യേണ്ടത്? വിവിധ വീക്ഷണങ്ങൾ കേരളീയം അവതരിപ്പിക്കുന്നു.

# ദുർബല പ്രദേശങ്ങളുടെ സംരക്ഷണം: ഇ.എഫ്.എൽ നിയമം പരിഹാരമല്ല

വനം കേസുകൾ തോറ്റുപോയതുകാരണം സർക്കാറിന് കൈവിട്ടുപോയ വനഭൂമി ഏറ്റെടുക്കാനാണ് ഇ.എഫ്.എൽ നിയമം കൊണ്ടുവന്നതെങ്കിൽ, മന്ത്രിസഭ കുറിപ്പിൽ പറയുന്ന ഭൂപരിധി (9600 ഹെക്ടർ) ഏറ്റെടുത്തു കഴിഞ്ഞിട്ടും പിന്നീടെന്തിനാണ് നിയമം ഇപ്പോഴും പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്?

**ഷാജി കോക്കാടൻ**

**ഇ.എഫ്.എൽ എന്ന കരിനിയമം**

കേരള ഫോറസ്റ്റ് വെസ്റ്റിങ്ങ് ആൻഡ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജയിൽ ലാന്റ് ആക്ട് (ഇ.എഫ്.എൽ) – 2003 ജനവിരുദ്ധവും കർഷക വിരുദ്ധവുമായ നിയമമാണ്. എല്ലാവിധ രേഖകളുമുള്ള കർഷകരുടെയും തൊഴിലാളികളുടെയും ആദിവാസികളുടെയും ഭൂമി പരിസ്ഥിതി ദുർബല പ്രദേശമാണെന്ന് ചൂണ്ടിക്കാട്ടി നഷ്ടപരിഹാരവും പുനരധിവാസവും ഇല്ലാതെ പിടിച്ചെടുക്കാൻ ഈ നിയമം അവസരമൊരുക്കുന്നു. സ്മാർട്ട് സിറ്റിക്കും ടെക്നോ പാർക്കിനും വിമാനത്താവളത്തിനും മറ്റും ഭൂമി ഏറ്റെടുക്കുമ്പോൾ കോടിക്കണക്കിന് രൂപ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കുന്ന സർക്കാർ, മലയോരങ്ങളിൽ തലമുറകളായി കഴിയുന്ന കർഷകരോടും തൊഴിലാളികളോടും കാണിക്കുന്ന ഈ ക്രൂരത സമാനതകളില്ലാത്തതാണ്. സംസ്ഥാനത്ത് ഇതുവരെ 14014 ഹെക്ടർ ഭൂമി വനം വകുപ്പ് ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലെ മൂന്നാം വകുപ്പ് പ്രയോഗിച്ച് യാതൊരു നഷ്ടപരിഹാരവും നൽകാതെയാണ് ഈ ഏറ്റെടുക്കലെല്ലാം നടത്തിയിട്ടുള്ളത്. നാലാം വകുപ്പ് പേരിന് നഷ്ടപരിഹാരം വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും ആ വകുപ്പ് പ്രകാരം ഒരുതുണ്ട് ഭൂമി പോലും ഏറ്റെടുത്തിട്ടില്ല. അടുത്ത കാലത്തായി ആറായിരത്തോളം ഹെക്ടർ ഭൂമി ഫോറസ്റ്റ് ഉദ്യോഗസ്ഥർ പുതുതായി ഇ.എഫ്.എൽ ആയി ശുപാർശ ചെയ്തത് വിവിധ ഓഫീസിൽ കെട്ടിക്കിടക്കുകയാണ്.

കേരള ഭൂപരിഷ്കരണ നിയമത്തിൽ പൂർണ്ണ പരിരക്ഷയുള്ളതും കേന്ദ്ര നിയമങ്ങൾ പ്രകാരം സംരക്ഷണവുമുള്ള ധാരാളം ഭൂമി ചില്ലിക്കാശിന്റെ പ്രതിഫലം നൽകാതെയാണ് ഇ.എഫ്.എൽ ആയി ഏറ്റെടുത്തിരിക്കുന്നത്. നഷ്ടപരിഹാരം നൽകാതെ ഏറ്റെടുത്തതിന്റെ നിരവധി കദനകഥകൾ മലയോര ജനതയ്ക്ക് പറയാനുണ്ട്. ഭൂരഹിതർക്ക് സർക്കാർ പതിച്ചു നൽകിയ ഭൂമി വരെ (അഞ്ച് സെന്റ്, പത്തുസെന്റ്) ഇ.എഫ്.എൽ എന്ന ചൂണ്ടയിൽ കുരുക്കപ്പെട്ടിട്ടുണ്ട്. വയനാട് ജില്ലയിലെ തരിയോട് കാട്ടിമട എന്ന സ്ഥലത്ത് 1979ൽ പതിച്ചു നൽകിയ മിച്ചഭൂമി വരെ ഇ.എഫ്.എൽ നിയമപ്രകാരം ഏറ്റെടുക്കുകയുണ്ടായി. 52 പണിയ കുടുംബങ്ങൾക്കാണ് ഇവിടെ ഭൂമി നഷ്ടമായിരിക്കുന്നത്. ഇടുക്കിയിൽ നൂറുകണക്കിന് ആദിവാസികൾ

തലമുറകളായി താമസിച്ച് കൃഷിചെയ്തിരുന്ന റവന്യൂ ഭൂമി ഇ.എഫ്.എൽ ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആദിവാസികൾക്ക് ഇനി ആ ഭൂമിക്ക് പട്ടയമോ മറ്റു രേഖകളോ ലഭിക്കില്ല. ഇ.എഫ്.എൽ പ്രകാരം ഏറ്റെടുത്തതോടെ ഇവിടെ താമസിക്കുന്നതും കൃഷിചെയ്യുന്നതും നിയമത്തിന് മുന്നിൽ കുറ്റകരമായി തീർന്നു.

ചെറുകിടക്കാരെയും പാവങ്ങളെയും ഇ.എഫ്.എൽ നിയമം പീഡിപ്പിച്ചിട്ടുള്ളതായി സർക്കാരും മന്ത്രിമാരും ഇന്ന് സമ്മതിക്കുന്ന കാര്യമാണ്. 2009 ഒക്ടോബർ 14ലെ മാതൃഭൂമി പത്രത്തിൽ അന്നത്തെ വനം മന്ത്രി ബിനോയ് വിശ്വത്തിന്റെ ഇ.എഫ്.എൽ ഭേദഗതി സംബന്ധിച്ച ലേഖനത്തിലെ അവസാനഭാഗത്ത് ഇങ്ങനെ പറയുന്നു, "2000 ഏപ്രിൽ 10 മുതൽ പരിസ്ഥിതി ദുർബല പ്രദേശമായി നോട്ടിഫൈ ചെയ്തിട്ടുള്ളത് 988 തുണ്ടുകളിലായി കിടക്കുന്ന ഭൂമിയാണ്. ഇതിൽ അഞ്ചേക്കറിൽ താഴെ വരുന്നത് 442 തുണ്ടുകളിലായി കിടക്കുന്ന ഭൂമിയാണ്. അതായത് പകുതിയോളം തുണ്ടുകളും പാവപ്പെട്ട കർഷകരുടേതാണ്." വനം മന്ത്രിക്ക് തന്നെ ഇതുപറയേണ്ടി വന്നിട്ടും ഭൂമി നഷ്ടമായ പാവപ്പെട്ട കർഷകർക്ക് നീതി ലഭ്യമായിട്ടില്ല. ഭേദഗതി എന്ന പ്രഹസനം കൊണ്ടുവന്ന് കർഷകരെയും പാവങ്ങളെയും പിന്നെയും കണ്ണീരു കുടിപ്പിക്കുകയായിരുന്നു സർക്കാർ.

2000 ജൂൺ രണ്ടിന് അന്നത്തെ എൽ.ഡി.എഫ് സർക്കാരാണ് ഓർഡിനൻസിലൂടെ ഈ നിയമത്തിന് തുടക്കമിട്ടത്. ഇ.എഫ്.എൽ നിയമത്തിനാധാരമായ മന്ത്രിസഭായോഗത്തിന്റെ കുറിപ്പ് ഇങ്ങനെയാണ്, "10-05-1971 ലെ കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ചു കൊടുക്കലും നിയമമനുസരിച്ച് 1,90,762.935 ഹെക്ടർ സ്വകാര്യ വനഭൂമി സർക്കാരിലേക്ക് നിക്ഷിപ്തമാക്കുകയുണ്ടായി. ഇതിനെതിരെ സ്വകാര്യവ്യക്തികൾ വിവിധ കോടതികളിലായി കേസുകൾ ഫയൽ ചെയ്യുകയും പല കേസുകളിലും അവർക്കനുകൂലമായ വിധി സമ്പാദിക്കുകയും ചെയ്തു. മറ്റുള്ളവയിൽ സർക്കാരിന് അനുകൂലമായ വിധിയുണ്ടായി. സ്വകാര്യവ്യക്തികൾക്കനുകൂലമായ കേസുകളിൽ ഇതുവരെ 4500 ഓളം ഹെക്ടർ സ്ഥലം വിട്ടുകൊടുക്കുകയുണ്ടായിട്ടുണ്ട്. കക്ഷികൾക്കനുകൂലമായി വിധിവന്ന 1015 കേസുകളിലായി 5100 ഹെക്ടറോളം ഭൂമി വിട്ടുകൊടുക്കാനുണ്ട്. വനം നിയമങ്ങളെ ദുർവ്യാഖ്യാനം ചെയ്തും കോടതിയെ തെറ്റദ്ധരിപ്പിച്ചും ആണ് സ്വകാര്യവ്യക്തികൾ കോടതി വിധികൾ സമ്പാദിച്ചിട്ടുള്ളതെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്."

കേസുകൾ തോറ്റുപോയതുകാരണം സർക്കാറിന് കൈവിട്ടുപോയ വനഭൂമി ഏറ്റെടുക്കാനാണ് ഇ.എഫ്.എൽ നിയമം കൊണ്ടുവന്നതെങ്കിൽ, മന്ത്രിസഭ കുറിപ്പിൽ പറയുന്ന ഭൂപരിധി (9600 ഹെക്ടർ) ഏറ്റെടുത്തു കഴിഞ്ഞിട്ടും പിന്നീടെന്തിനാണ് നിയമം ഇപ്പോഴും പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്? വനം വകുപ്പിന്റെ തലപ്പത്തുള്ള ഉദ്യോഗസ്ഥർക്ക് പിഴവ് സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. അതുപ്രകാരം അവർക്കെതിരെ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ? വനഭൂമി നഷ്ടമാകാൻ കാരണമായ കോടതി വിധികൾ ദുർവ്യാഖ്യാനത്തിന്റെയും തെറ്റിദ്ധരിപ്പിക്കലിന്റെയും പരിണിത ഫലമാണെന്ന് പറയുന്നതിലൂടെ ഈ രാജ്യത്തെ ട്രിബ്യൂണൽ, ഹൈക്കോടതി, സുപ്രീം കോടതി വരെയുള്ള നീതിപീഠങ്ങളെ പരിഹസിക്കുകയാണ് വനം വകുപ്പ് ചെയ്യുന്നത്.

**സ്വത്തിന്മേലുള്ള അവകാശം**

ഭരണഘടനയിലെ സ്വത്തവകാശം, മൗലിക വാകാശത്തിൽ നിന്ന് ഒഴിവാക്കി 1979ൽ ഭരണഘടനാപരമായ അവകാശമാക്കി - 300 (എ) ചേർത്തു. വിവിധ സംസ്ഥാനങ്ങളിൽ ഭൂപരിഷ്കരണ നിയമങ്ങൾ വന്നപ്പോൾ എല്ലാവർക്കും ന്യായമായി ഭൂമി ലഭിക്കാനാണ് ഈ ഭേദഗതി കൊണ്ടുവന്നത്. ഈ ഭേദഗതി പരാമർശിച്ച്, ഉത്തർപ്രദേശിൽ നിന്നുള്ള ഒരു ലാന്റ് അക്വിസിഷൻ സംബന്ധിച്ച കേസിൽ 2011 മാർച്ച് ഏഴിന് സുപ്രീം കോടതി ജസ്റ്റിസുമാരായ ജി.എസ്.സിങ്‌വി, അശോക് കുമാർ ഗാംഗുലി എന്നിവർ ചേർന്ന് നടത്തിയ വിധി പ്രസ്താവന ശ്രദ്ധേയമാണ്. (Case No. 8939/10/10993/10) . ''Without right to some property, other right becomes illusory. "this court held that even though right to property has ceased to be a fundamental right but it would however be given an express recognition as a legal and also as human right.''

സാമൂഹിക, സാമ്പത്തിക നീതി ശാസ്ത്രങ്ങൾ ഉയർത്തിപ്പിടിച്ചാണ് പരമോന്നത നീതിപീഠം സ്വത്തിന്മേലുള്ള മൗലീകാവാശവും, മനുഷ്യാവകാശവും ഊന്നിപ്പറഞ്ഞത്. ഭൂമി ഏറ്റെടുക്കുമ്പോൾ പ്രതിഫലം കുറയുന്നതും കാലതാമസമുണ്ടാകുന്നതും സംബന്ധിച്ചാണ് സുപ്രീം കോടതിയുടെ സുപ്രധാന വിധി. എന്നാൽ ഇ.എഫ്.എൽ നിയമത്തിൽ പ്ര

*⇨ ഇങ്ങനെയുള്ള ഭൂമി നഷ്ടപ്പെട്ടാൽ തിരിച്ചു കിട്ടാൻ നിയമത്തിൽ യാതൊരു വ്യവസ്ഥയും ഇല്ല ⇨*

തിഫലമോ പകരം ജീവിത സാഹചര്യമോ നിയമം വാഗ്ദാനം ചെയ്യുന്നില്ല. അതുകൊണ്ടാണ് ഈ സുപ്രീം കോടതി വിധി വളരെ പ്രധാനമാകുന്നത്. ഇ.എഫ്.എൽ എന്ന കരി നിയമത്തിന്റെ മനുഷ്യാവാകാശ ലംഘനങ്ങൾ ഈ വിധിയുടെ അടിസ്ഥാനത്തിൽ തിരുത്താൻ നാം തയ്യാറാകണം. ദരിദ്ര, നാമമാത്ര കർഷകരുടെ ഭൂമി, പൊന്നുംവില നൽകി പരിസ്ഥിതി ദുർബലപ്രദേശമായി ഏറ്റെടുത്തിരുന്നുവെങ്കിൽ അത് ന്യായീകരിക്കപ്പെടുമായിരുന്നു.

**പുല്ല് എണ്ണുന്ന നിയമം**

ഇ.എഫ്.എൽ നിയമത്തിലെ പാരിസ്ഥിതിക സൂക്ഷ്മ ചൈതന്യമാർന്ന പ്രദേശങ്ങൾ, പരിസ്ഥിതി ദുർബല പ്രദേശങ്ങൾ എന്നിങ്ങനെയുള്ള വാക്കുകളും അവയുടെ വ്യാഖ്യാനവും പ്രത്യേകം ശ്രദ്ധേയമാണ്. കേരളത്തിലെ ഒരു തുണ്ടുഭൂമിയെങ്കിലും സൂക്ഷ്മ ചൈതന്യമല്ലാത്തതാണെന്ന് വനം വകുപ്പിന് തെളിയിക്കാനാവുമോ? ഹൈക്കോടതിയും നിയമസഭയും രാജ്ഭവനും നിൽക്കുന്നതുപോലും സൂക്ഷ്മ ചൈതന്യമാർന്ന പ്രദേശങ്ങളിലാണ്. കൃഷി ചെയ്യുന്ന വിളകളേക്കാൾ കൂടുതൽ സ്വാഭാവിക സസ്യജാലങ്ങളാണെങ്കിൽ (trees and under growth) ആ സ്ഥലം ഇ.എഫ്.എൽ ആക്ടിന്റെ പരിധിയിൽ വരും. പുല്ലുകളുടെ എണ്ണം ഗണിച്ച് മെർക്കിൻസ്റ്റൺ എസ്റ്റേറ്റ് കേസിൽ ഈ പരമാർശം വനംവകുപ്പ് ദുർവ്യാഖ്യാനിക്കുകയുണ്ടായി. റബർ, കാപ്പി, തേയില ഏലം, തെങ്ങ്, കമുക് തുടങ്ങിയ ദീർഘകാല വിളകളും വാസഗൃഹങ്ങളും നിയമത്തിൽ ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഇഎഫ്.എൽ ആയി ഏറ്റെടുത്തതിനെ ന്യായീകരിക്കാനാണ് വനം വകുപ്പ് പുല്ല് എണ്ണിയത്. മുൻ മന്ത്രി ബിനോയ് വിശ്വത്തിന്റെ വാക്കുകളിൽ പറയുന്ന 'പാവപ്പെട്ട കർഷകരുടെ' പുരയിടത്തിലെ പുല്ലുകൾ വരെ പിന്നീട് എണ്ണിത്തുടങ്ങി. ചീര, ചേമ്പ്, കപ്പ, നെല്ല് തുടങ്ങിയ ഹ്രസ്വകാല ഭക്ഷ്യ വിളകൾക്ക് നിയമത്തിൽ ഒഴിവ് നൽകിയിട്ടില്ല. ഇവയാണ് ചെറുകിട കർഷകരുടെ ഭൂമികളിൽ പകുതിയിലേറെയുമുള്ളത്. ഇങ്ങനെയുള്ള ഭൂമി നഷ്ടപ്പെട്ടാൽ തിരിച്ചു കിട്ടാൻ നിയമത്തിൽ യാതൊരു വ്യവസ്ഥയും ഇല്ല. ഇ.എഫ്.എൽ നിയമം മുൻകാല പ്രാബല്യത്തോടെ പിൻവലിക്കണമെന്ന മുറവിളി ഉയരാനുള്ള കാരണവും അതാണ്.

വയനാട് വൈത്തിരി താലൂക്കിൽ, കുന്നത്തിടവക ചാരിറ്റി എന്ന പ്രദേശത്ത് 545 ഓളം കുടുംബങ്ങളും മതസ്ഥാപനങ്ങളും വിദ്യാലയങ്ങളുമുള്ള ജനവാസപ്രദേശം മുഴുവൻ വനം വകുപ്പ് നിക്ഷിപ്ത വനഭൂമിയായി നോട്ടിഫൈ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ ട്രിബ്യൂണൽ വിധി കൈവശക്കാർക്ക് എതിരാവുകകൂടി ചെയ്തപ്പോൾ ഉയർന്ന പ്രതിഷേധവും സമരവും തീർക്കാൻ 2009 ൽ സർക്കാർ കേരള ഇന്റർപ്രെട്ടേഷൻ ആൻഡ് ജനറൽ ക്ലോസസ് ആക്ടിലെ 1125 സെക്ഷൻ 20 വിനിയോഗിച്ച് നോട്ടിഫിക്കേഷൻ റദ്ദ് ചെയ്ത് ജനങ്ങൾക്ക് ഭൂമിയിൽ പൂർണാവകാശം പുനഃസ്ഥാപിച്ച് നൽകുകയുണ്ടായി. ഈ സമീപകാല നീതിനിർവ്വഹണമെങ്കിലും ഇ.എഫ്.എൽ ആക്ടിന്റെ പീഡിതർക്ക് ലഭിക്കണമെന്നാണ് ആവശ്യം.

**ഇ.എഫ്.എൽ ഭേദഗതി പ്രഹസനം**

ഇ.എഫ്.എൽ നിയമം പ്രയോഗിച്ചപ്പോഴുണ്ടായ കൊടും പീഡനങ്ങളെക്കുറിച്ച് പറയുമ്പോൾ നിയമത്തിൽ കൊണ്ടുവന്ന ഭേദഗതിയാണ് നേതാക്കളും മന്ത്രിമാരും നിരത്തുന്നത്. എന്നാൽ ഭേദഗതികളൊന്നും കർഷകർക്ക് അനുകൂലമായിരുന്നില്ല.

അഞ്ചേക്കർ സ്ഥലം വിലയ്ക്ക് വാങ്ങി, അരനൂറ്റാണ്ടോളം സർക്കാരിന് നികുതി നൽകി ആർക്കും ഉപദ്രവമില്ലാതെ കഴിഞ്ഞിരുന്ന നാദാപുരം പൊയിലഞ്ചേലിലെ കൊടിയനാൽ നിക്കാളോസ് എന്ന 75 കാരൻ ഇ.എഫ്.എൽ. കരി നിയമത്തിന്റെ ജീവിക്കുന്ന രക്തസാക്ഷിയാണ്. ആയിരങ്ങളിൽ ഒരാൾ. അദ്ധ്വാനിച്ചും വിയർപ്പൊഴുക്കിയും മണ്ണിനെ പൊന്നാക്കി മാറ്റിയ നിക്കോളോസ് ഇന്ന് ഭൂരഹിതനാണ്. സമൂഹം ആദരിക്കേണ്ട ഈ കർഷകൻ വനംവകുപ്പിന്റെ കണ്ണിൽ കയ്യേറ്റക്കാരനും വലിയ കുറ്റവാളിയുമാണ്. അഞ്ചേക്കർ പട്ടയഭൂമിയിൽ നിക്കോളാസിന് ഒരു തുണ്ടു ഭൂമിക്ക് പോലും അവകാശമില്ലെന്നും നഷ്ടപരിഹാരത്തിനോ പുനരധിവാസത്തിനോ അർഹതയില്ലെന്നും വനം വകുപ്പ് വിധിച്ചു. നിയമത്തിൽ കൊണ്ടുവന്ന ഭേദഗതികൾ നിക്കോളാസിന് മാത്രമല്ല ആർക്കും ഒരു പ്രയോജനവും നൽകിയിട്ടില്ല.

കാവിലുംപാറക്കടുത്ത് മീനംപറ്റിയിലെ ശാന്തിയിൽ ലീലാവതിയുടെയും സ്ഥിതി സമാനമാണ്. വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർകോട്, പാലക്കാട്, ഇടുക്കി തുടങ്ങിയ ജില്ലകളിലായി ഇത്തരം നിരവധി ഇ.എഫ്.എൽ പീഡിതരുണ്ട്. വയനാട് ലക്കിടിയിലെ വൃദ്ധനായ യശോധരേട്ടനും കാസർക്കോട് മേലംപടി വില്ലേജിലെ കെ. നാരായണഭട്ടുമെല്ലാം നിയമഭേദഗതി മുന്നിൽ വെച്ച് അപേക്ഷ നൽകിയിരിക്കുകയാ

ണ്. ഭേദഗതി പ്രകാരം തിരുവനന്തപുരത്തുള്ള പ്രധാന മുഖ്യവനപാലകന്റെ പക്കലാണ് അപേക്ഷ നൽകേണ്ടത്. അവിടെ നിന്ന് ആയിരക്കണക്കിന് അപേക്ഷേകൾ തരംതിരിച്ച് ഇ.എഫ്.എൽ കസ്റ്റോഡിയൻ വഴി ഏരിയ ചീഫ് കൺസർവേറ്റർ ഓഫീസുകളിൽ കയറിയിറങ്ങി, ചീഫ് കൺസർവേറ്ററുടെ ഓഫീസിലെത്തുകയും പിന്നീട് ഡി.എഫ്.ഒ. ഓഫീസിലേക്ക് കൈമാറുകയും വേണം. ഫയലിന് പിന്നാലെ ആരും പോയില്ലെങ്കിൽ അത് ചുവപ്പുനാടയിൽ തന്നെ കിടക്കും. ചുരുങ്ങിയത് ആറു മാസമെടുത്താലും എട്ടംഗ വിദഗ്ധ കമ്മിറ്റിയുടെ പക്കൽ അപേക്ഷ എത്തുമെന്ന് ഒരു ഉറപ്പുമില്ല. കമ്മിറ്റിക്ക് സ്ഥല പരിശോധനക്ക് ആറുമാസം സമയം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷ ഈ കമ്മിറ്റിക്ക് മുന്നിലെത്താൻ സമയമൊന്നും നിശ്ചയിച്ചിട്ടില്ല.

കമ്മിറ്റിയംഗങ്ങൾ വിവിധ സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രതിനിധികളാണ്. ഇവർ ഒരുമിച്ചിരുന്ന് അപേക്ഷ പരിഗണിക്കാനും സ്ഥലപരിശോധന നടത്താനും മാസങ്ങളെടുക്കും. എല്ലാ കടമ്പകളും കടന്ന് പരിശോധന പൂർത്തിയാക്കി എന്ന് സങ്കൽപ്പിക്കുക, പരിശോധന റിപ്പോർട്ടും കമ്മിറ്റിയുടെ ശുപാർശയും പിന്നെയും അപേക്ഷ വന്ന വഴിയേ തന്നെ സഞ്ചരിക്കണം. ഓഫീസുകൾ പലതും കയറിയിറങ്ങി ഫോറസ്റ്റ് സെക്രട്ടറി, മന്ത്രി ഓഫീസ്, മുഖ്യമന്ത്രിയുടെ ഓഫീസ്, മന്ത്രിസഭ ഇങ്ങനെ അപേക്ഷ ഇഴയണം. ചീഫ് സെക്രട്ടറിയോ, അദ്ദേഹത്തിന്റെ ഓഫീസോ കാണാതെ അപേക്ഷ മന്ത്രിസഭയിൽ എത്തുമോ? ആ വഴിയും തിരിഞ്ഞുമറിഞ്ഞ് അപേക്ഷയിൽ കിടപ്പാടം തിരിച്ചുകിട്ടാൻ മന്ത്രിസഭ പാസാക്കണം.

**തിരിച്ചുകൊടുക്കലിന്റെ വളഞ്ഞവഴി**

ഇ.എഫ്.എൽ പ്രകാരം പിടിച്ചെടുത്ത ഭൂമി 27 പേർക്ക് തിരിച്ചു നൽകിയിട്ടുണ്ട് എന്ന വിശദീകരണവുമായി അടുത്തകാലത്ത് വനം വകുപ്പ് രംഗത്തുവന്നിട്ടുണ്ട്. ഇ.എഫ്.എൽ ഭൂമിയായി വിജ്ഞാപനം ചെയ്തതിൽ സർവ്വെ നമ്പർ, അതിർത്തി എന്നിവയിൽ സംഭവിച്ച തെറ്റാണ് രാഷ്ട്രീയത്തിന്റെയും പണത്തിന്റെയും സമ്മർദ്ദത്തിന് വഴങ്ങി ഈ തിരിച്ചുനൽകലിന് കാരണമായത്. എന്നാൽ 90 ശതമാനം വിജ്ഞാപനവും ഇപ്രകാരം തെറ്റുകുറ്റങ്ങൾ നിറഞ്ഞതാണെന്ന യാഥാർത്ഥ്യം നിലനിൽക്കുന്നുണ്ട്. കൃഷിയിടവും പുരയിടവും വനമാക്കി വിജ്ഞാപനം ചെയ്ത ചരിത്രപരമായ വിഢിത്തം വനംവകുപ്പ് തിരുത്തിയിട്ടില്ല. കൃഷിഭൂമി വനഭൂമിയായി വിജ്ഞാപനം ചെയ്ത വനംവകുപ്പ് തന്നെയാണ് അത് വനഭൂമിയല്ലെന്ന് കണ്ടെത്തേണ്ടതെന്നാണ് നിയമത്തിലെ വ്യവസ്ഥ. ഈ സാഹചര്യത്തിൽ ഇരകൾക്ക് നീതി കിട്ടുമെന്ന് അതുകൊണ്ടുതന്നെ പ്രതീക്ഷയില്ല.

ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയപ്പോൾ അടിസ്ഥാന ജീവനോപാധി നീക്കിവെച്ചാണ് റവന്യൂ വകുപ്പ് നിയമം നടപ്പിലാക്കിയത്. എന്നാൽ വനംവകുപ്പ് കൊണ്ടുവന്ന വെസ്റ്റിംങ്ങ് ആന്റ് അസൈൻമെന്റ് ആക്ട് മുഴുവൻ ഭൂമിയും പിടിച്ചെടുത്തശേഷം കേസ് കളിക്കാൻ അവസരം ഒരുക്കുകയായിരുന്നു. 'ജന്മി'കൾ ട്രിബ്യൂണലിലും കോടതികളിലും എത്താതിരുന്നപ്പോൾ ആചുമതല മരംലോബിയും ഭൂമാഫിയകളും ഏറ്റെടുക്കുകയായിരുന്നു.

**എന്തുകൊണ്ട് അപ്രസക്തം?**

ഇ.എഫ്.എൽ ആക്ട് കൊണ്ടുവന്നത് കേസ് വഴിയും തെറ്റിദ്ധരിപ്പിച്ചും മറ്റും സർക്കാരിന് നഷ്ടമായ സ്വകാര്യ വനം പിടിച്ചെടുക്കാനാണെന്ന് മന്ത്രിസഭാ കുറിപ്പിൽ നിന്ന് വ്യക്തമാണ്. സർക്കാറിനും വനം വകുപ്പിനും സംഭവിച്ച നഷ്ടത്തിന്റെ കാരണക്കാർ ആരാണെന്ന് റെയ്ഞ്ച് ഓഫീസിലും ഡി.എഫ്.ഒ ഓഫീസിലും വെസ്റ്റഡ് ഫോറസ്റ്റ് കസ്റ്റോഡിയന്റെ ഓഫീസിലും വ്യക്തമായ രേഖകളുണ്ട്. അതിന് പുറമെ ട്രിബ്യൂണൽ, ഹൈക്കോടതി, സുപ്രീം കോടതി വരെയുള്ള കേസ് ഫയലുകളുമുണ്ട്. അതുനോക്കി കുറ്റവാളികളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുകയായിരുന്നു വേണ്ടത്. നഷ്ടമായ ഭൂമി തിരിച്ചുകിട്ടുമായിരുന്നു. അതിനുപകരം ഇ.എഫ്.എൽ. ആക്ട് കൊണ്ടുവന്ന് കാടടച്ച് വെടിവെക്കുകയാണ് വനം

സർക്കാറിനും വനം വകുപ്പിനും സംഭവിച്ച നഷ്ടത്തിന്റെ കാരണക്കാർ ആരാണെന്ന് റെയ്ഞ്ച് ഓഫീസിലും ഡി.എഫ്.ഒ ഓഫീസിലും വെസ്റ്റഡ് ഫോറസ്റ്റ് കസ്റ്റോഡിയന്റെ ഓഫീസിലും വ്യക്തമായ രേഖകളുണ്ട്. അതിന് പുറമെ ട്രിബ്യൂണൽ, ഹൈക്കോടതി, സുപ്രീം കോടതി വരെയുള്ള കേസ് ഫയലുകളുമുണ്ട്. അതുനോക്കി കുറ്റവാളികളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുകയായിരുന്നു വേണ്ടത്. നഷ്ടമായ ഭൂമി തിരിച്ചുകിട്ടുമായിരുന്നു.

ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകളെ തുടർന്ന് മലയോരജനതയും പരിസ്ഥിതി സംരക്ഷകരും തമ്മിലുണ്ടായ ആശയ സംഘർഷങ്ങൾ പൊതുവായി ചർച്ച ചെയ്യുന്നതിനും പൊതുനന്മ ലക്ഷ്യമാക്കിയുള്ള ചില അനുരഞ്ജനങ്ങളിലെത്തുന്നതിനും വേണ്ടി 2013 നവംബർ 22ന് കോട്ടയം ജില്ലയിലെ ഭരണങ്ങാനത്ത് വച്ച് കർഷക–പരിസ്ഥിതി പ്രവർത്തകർ ഒത്തുചേർന്നു. അഭിപ്രായ ഭിന്നതകൾ തെരുവിൽ ഏറ്റുമുട്ടുന്നതിനിടയിൽ പൊതുസമ്മതികൾക്കായി ശ്രമിച്ച ഈ യോഗം പശ്ചിമഘട്ട സംവാദങ്ങളിലെ ഒരു നിർണ്ണായക കൂടിച്ചേരലായി. യോജിപ്പുകൾക്കായി യോഗം പൊതുവായി എത്തിച്ചേർന്ന നിർദ്ദേശങ്ങൾ വിപുലമായ ആലോചനകൾക്കായി പൊതുസമൂഹത്തിന് മുന്നിൽ വയ്ക്കുകയാണ്.

# സമവായങ്ങൾ സാധ്യമാണോ?

1. പരിസ്ഥിതിലോല പ്രദേശങ്ങൾ കണ്ടെത്തുന്നതിന് വ്യക്തമായ ശാസ്ത്രീയ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും അവ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക. ആ മാനദണ്ഡങ്ങൾ അനുസരിച്ചും, തികച്ചും സുതാര്യമായും തദ്ദേശീയരുമായി കൂടിയാലോചിച്ചും വേണം പരിസ്ഥിതിലോല പ്രദേശങ്ങൾ അന്തിമമായി തീരുമാനിക്കാൻ.

2. പരിസ്ഥിതിലോല പ്രദേശങ്ങളെ വില്ലേജടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് യുക്തിസഹമാണെങ്കിലും പരിസ്ഥിതിലോലതയുടെ അടിസ്ഥാനത്തിൽ രണ്ടോ മൂന്നോ ഗണമായി അത്തരം വില്ലേജുകളെ തരംതിരിച്ച് സംരക്ഷണ-നിയന്ത്രണ നടപടികൾ നിശ്ചയിക്കണം.

3. പരിസ്ഥിതിലോല പ്രദേശങ്ങളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങൾക്കും, ആ പ്രദേശങ്ങളുടെ പരിസ്ഥിതിലോലത കാത്തുസൂക്ഷിക്കുന്നവർ എന്ന നിലയിൽ മാന്യമായ സംരക്ഷണസേവനചാർജ്ജ് നൽകുക.

4. പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള നടപടികളെല്ലാം ഒരു ഏജൻസിയുടെ കീഴിലാക്കുക. വിവിധ സർക്കാർ സംവിധാനങ്ങളുമായി ബന്ധപ്പെട്ടാണ് പരിസ്ഥിതിലോല പ്രദേശങ്ങളിലെ നിയന്ത്രണ-സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് എങ്കിൽ, അത് ആ മേഖലയിലെ ജനങ്ങളുടെ ജീവിതം ദുരിതപൂരിതമാക്കും. ഒരു ഏജൻസിയും അതിനുമുകളിൽ ഒരു അപ്പീൽ സംവിധാനവും മാത്രമുള്ള ലളിതമായ ക്രമീകരണം ആവശ്യമാണ്.

5. പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട എല്ലാ വികസന പദ്ധതികൾക്കും നയങ്ങൾക്കും അംഗീകാരം നൽകാനോ നിഷേധിക്കാനോ ഉള്ള അധികാരം ബന്ധപ്പെട്ട പ്രദേശങ്ങളിലെ ഗ്രാമസഭകൾക്ക് നൽകാനുള്ള വ്യവസ്ഥകളുൾക്കൊള്ളിച്ചുകൊണ്ട് പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്യുക.

6. വനം കയ്യേറ്റങ്ങൾ തടയുന്നതിനായി 1977 വരെയുള്ള കുടിയേറ്റക്കാർക്ക് പട്ടയം നൽകാനുള്ള കേരള സർക്കാരിന്റെ തീരുമാനം സമയബന്ധിതമായി നടപ്പിലാക്കുക.

7. പരിസ്ഥിതിലോല പ്രദേശങ്ങളിൽ നടക്കുന്ന നിയമവിരുദ്ധമായ ഖനനപ്രവർത്തനങ്ങൾ ഉടൻ നിർത്തുകയും അംഗീകാരമുള്ളവ അഞ്ചു വർഷത്തിനകം അടച്ചു പൂട്ടുകയും ചെയ്യുക. പുതിയവക്ക് അനുമതി നൽകാൻ പാടില്ല. എന്നാൽ തദ്ദേശീയരായ ജനങ്ങൾക്ക് വീടുവയ്ക്കാൻ ഇപ്പോൾ മണൽ പെർമിറ്റ് നൽകുന്നതുപോലെ പാറപൊട്ടിക്കാനുള്ള പെർമിറ്റുകൾ നൽകാൻ വ്യവസ്ഥവേണം.

8. വന്യമൃഗശല്യത്തിൽ നിന്നും കൃഷിയിടങ്ങൾ സംരക്ഷിക്കാനുള്ള അവകാശം കൃഷിക്കാർക്ക് നിയമപരമായി വ്യവസ്ഥചെയ്യുക. കൃഷിയിടങ്ങളിലെ വന്യമൃഗശല്ല്യം ഒഴിവാക്കാൻ സോളാർ ഫെൻസിംഗോ കൃഷിയിടങ്ങളും വനവും തമ്മിലുള്ള അതിർത്തികളിൽ തേനീച്ച കോളനികൾ പോലെയുള്ള സംവിധാനങ്ങളോ സ്ഥാപിക്കുക. വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ഭക്ഷണവും വെള്ളവും ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുക. വന്യമൃഗങ്ങളുടെ അനുപാതം ക്രമീകരിക്കാനുള്ള ശ്രമങ്ങളുണ്ടാവുക. വനങ്ങളും കൃഷിയിടങ്ങളും തമ്മിലുള്ള അതിരുകളിലെ നിയന്ത്രണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പ്രത്യേക ജീവനക്കാരെ നിയോഗിക്കുകയും വന്യമൃഗങ്ങളിൽ നിന്നുള്ള കൃഷിയിടങ്ങളുടെ സംരക്ഷണം ആ ജീവനക്കാരുടെ ഉത്തരവാദിത്വമാക്കുകയും ചെയ്യുക.

9. വൻകിടതോട്ടങ്ങൾ അടിയന്തിരമായി അളന്നുതിട്ടപ്പെടുത്തുക. പ്ലാന്റേഷൻ കമ്പനികളുടെ കൈവശമുള്ള അധികഭൂമി സർക്കാർ ഏറ്റെടുത്ത് സ്വാഭാവിക വനമാക്കാൻ നടപടികളെടുക്കുക. പാട്ടക്കാലാവധി കഴിയുന്ന ഒരു പ്ലാന്റേഷനും കാലാവധി നീട്ടിക്കൊടുക്കാതിരിക്കുക. പ്ലാന്റേഷനുകളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കാനായി പാട്ടഭൂമിയിലെ പരിസ്ഥിതിലോലത കുറഞ്ഞ പ്രദേശത്ത് നിശ്ചിത ശതമാനം സ്ഥലം നീക്കിവച്ചുകൊണ്ട് ബാക്കി സ്ഥലം സർക്കാർ ഏറ്റെടുക്കുക.

⇨

10. റെഡ് കാറ്റഗറിയിൽപ്പെട്ട വ്യവസായങ്ങൾ പരിസ്ഥിതിലോല മേഖലയിൽ അനുവദിക്കാതിരിക്കുക.
11. കെട്ടിടങ്ങളുടെ വിസ്തീർണ്ണം, സിമന്റ് കമ്പി, മണൽ തുടങ്ങിയവ ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണ ശൈലി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് സംസ്ഥാന വ്യാപകമായി ബാധകമായ നയങ്ങളും വ്യവസ്ഥകളും കൊണ്ടുവരിക. കെട്ടിട നിർമ്മാണത്തിനുപയോഗിക്കാവുന്ന മരങ്ങൾ നട്ടുവളർത്തുന്നവർക്ക് ധനസഹായം നൽകുക.
12. പശ്ചിമഘട്ടത്തിൽ വനം വകുപ്പിന്റെ കീഴിലുള്ള തേക്ക്, യൂക്കാലി പ്ലാന്റേഷനുകൾ മുറിച്ചുമാറ്റി, അവിടെ സ്വാഭാവിക വനം രൂപപ്പെടാനുള്ള സാഹചര്യം സൃഷ്ടിക്കുക.
13. പരിസ്ഥിതിലോല പ്രദേശങ്ങളിൽ താപനിലയങ്ങളും വൻകിടജലവൈദ്യുത പദ്ധതികളും അനുവദിക്കാതിരിക്കുക.
14. പശ്ചിമഘട്ടത്തിൽ ജൈവകൃഷിരീതികളിലേക്ക് മാറുന്ന കർഷകർക്ക് അഞ്ചുവർഷത്തേക്ക് മാന്യമായ സാമ്പത്തിക സഹായങ്ങൾ നൽകുക.
15. ഔഷധസസ്യങ്ങൾ, വംശനാശഭീഷണി നേരിടുന്ന ജന്തുസസ്യവർഗ്ഗങ്ങൾ തുടങ്ങിയവ പരിപാലിക്കുന്ന പശ്ചിമഘട്ടത്തിലെ കർഷകർക്ക് പ്രത്യേക സംരക്ഷണ സേവന ചാർജ് നൽകുക.
16. സ്വകാര്യകൃഷിഭൂമികളിലെ ജൈവ വൈവിധ്യ സംരക്ഷണത്തിന്റെ തോതനുസരിച്ച് കർഷകർക്ക് പ്രത്യേക ഗ്രേഡിംഗ് ഏർപ്പെടുത്തുകയും ഉയർന്ന ഗ്രേഡിലുള്ളവർക്ക് പ്രത്യേക പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്യുക.
17. പശ്ചിമഘട്ടത്തിലെ വിദൂര മലയോരങ്ങളിൽ, അടിസ്ഥാന സൗകര്യങ്ങളില്ലാതെ കഴിയുന്ന ഒരുപാട് കർഷകരുണ്ട്. അത്തരം കർഷകരിൽ ഭൂരിപക്ഷവും ആവശ്യപ്പെട്ടാൽ, അവർക്ക് മാന്യമായ നഷ്ടപരിഹാരം നൽകി ആ കൃഷിഭൂമി സർക്കാർ ഏറ്റെടുത്ത് സ്വാഭാവിക വനമാക്കുക.

*ബന്ധങ്ങൾക്ക്: 9446234997*

വകുപ്പ് ചെയ്തത്. അതുണ്ടാക്കിയ പ്രത്യാഘാതമാണ് ഇ.എഫ്.എൽ പീഡിതരെ സൃഷ്ടിച്ചത്. ഇ.എഫ്.എൽ ആക്ടിലെ മൂന്നാം വകുപ്പ് തീർത്തും ഭരണഘടനാ വിരുദ്ധവും സാമൂഹിക നീതിക്ക് എതിരുമാണ്.

ഇ.എഫ്.എൽ നിയമത്തിലെ നാലാം വകുപ്പ്, ബയോഡൈവേഴ്സിറ്റി ആക്ടിലെ 37-ാം വകുപ്പിലെ മൂന്നാം ഉപവകുപ്പ് പ്രകാരം പ്രയോഗിക്കുകയാണ് ആത്മാർത്ഥയുണ്ടെങ്കിൽ ചെയ്യാവുന്ന ഒരുകാര്യം. ഹെറിറ്റേജ് സൈറ്റുകൾ - ജൈവസമ്പത്തിനാൽ സമൃദ്ധമായ സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങൾ നഷ്ടപരിഹാരവും പുനരധിവാസവും നൽകിയാണ് നിക്ഷിപ്തമാക്കേണ്ടതെന്ന് ആ നിയമം വ്യക്തമാക്കുന്നു. ഈ നിയമം രാജ്യത്തിൽ പ്രാബല്യത്തിലുള്ളപ്പോൾ ഇ.എഫ്.എൽ ആക്ടിന്റെ ആവശ്യം തന്നെ ചോദ്യം ചെയ്യപ്പെടേണ്ടതാണ്. പരിസ്ഥിതി സംരക്ഷണമായിരുന്നു ലക്ഷ്യമെങ്കിൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന 2002 ലെ ബയോളജിക്കൽ ഡൈവേർസിറ്റി ആക്ട് ആയിരുന്നു നടപ്പിലാക്കേണ്ടത്. സ്വകാര്യ ഭൂമികളിലെ ജൈവ വൈവിധ്യം എങ്ങനെയെല്ലാം സംരക്ഷിക്കണമെന്ന് ആ നിയമം വ്യക്തമാക്കിയിട്ടുണ്ട്. ഭൂമി തിരിച്ചുനൽകുന്നത് കൂടാതെ ഇ.എഫ്.എൽ പ്രയോഗിച്ചത് മൂലം സംഭവിച്ച കൃഷിനാശത്തിനും മാനസിക പീഡനത്തിനും സ്വകാര്യവ്യക്തികൾക്കുണ്ടായ സാമ്പത്തിക നഷ്ടത്തിനും വനം വകുപ്പ് അർഹമായ നഷ്ടപരിഹാരം നൽകുകയാണ് അടിയന്തിരമായി ചെയ്യേണ്ടത്.

**എന്താണ് പരിഹാരം?**

കൃഷിവിളകളേക്കാൾ കൂടുതൽ സ്വാഭാവിക സസ്യജാലങ്ങൾ ആണെങ്കിൽ അത് ഇ.എഫ്.എൽ ആണെന്ന് വ്യാഖ്യാപിക്കപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. സ്വാഭാവിക സസ്യജാലങ്ങൾ (trees and under growth) എന്നതിൽ പുല്ലുകളും കുറ്റിച്ചെടികളും ഉൾപ്പെടുമെന്ന് വ്യാഖ്യാനിക്കപ്പെട്ടതോടെ, കേരളത്തിലെ നിരവധി ഗ്രാമീണർക്ക് ഇന്നല്ലെങ്കിൽ നാളെ ഇ.എഫ്.എൽ ഭീഷണി നേരിടേണ്ടി വരുമെന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. ആ പ്രശ്നം അടിയന്തിര പരിഹാരമുണ്ടായില്ലെങ്കിൽ പ്രതിഷേധങ്ങൾ ഇനിയും വ്യാപകമായേക്കും.

കാവുകളും കണ്ടലുകളും സംരക്ഷിക്കുന്ന സ്വകാര്യ ഉടമകൾക്ക് സ്ഥിരവരുമാന പദ്ധതി കേന്ദ്ര സഹായത്തോടെ വനം പരിസ്ഥിതി വകുപ്പ് സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുണ്ട്. അതുപോലെ വൃക്ഷങ്ങളും സസ്യസമ്പത്തും സംരക്ഷിച്ചു നിർത്തുന്ന കർഷകർക്കും ഭൂവുടമകൾക്കുമെല്ലാം സർക്കാർ പിന്തുണയും പ്രതിഫലവും നൽകുന്ന സംവിധാനമുണ്ടായാൽ തോട്ടങ്ങൾ ഉൾപ്പെടെ ഈ ഭൂപ്രദേശങ്ങളിലെ മരങ്ങളും പച്ചപ്പും ദീർഘകാലത്തേക്ക് സംരക്ഷിച്ച് നിർത്താനാവും. ഇ.എഫ്.എൽ നിയമത്തിന്റെ നിർവചനത്തിൽ തന്നെയുള്ള ഭേദഗതിയാണ് ഉന്നയിക്കപ്പെടേണ്ട ഏറ്റവും പ്രധാന ആവശ്യം. ■